(ഇ)

വർഷം	മുദ്രവില (കോടി രൂപയിൽ)	രജി. ഫീസ് (കോടി രൂപയിൽ)	ആകെ വരുമാനം (കോടി രൂപയിൽ)
2011-12	2017.30	755.76	2773.06
2012-13	2034.55	713.03	2747.58
2013-14	1577.49	775.99	2353.48
2014-15 (ഫെബ്രുവരി വരെ)	1451.68	679.19	2130.87

2014-15-ൽ രജിസ്ട്രേഷൻ വകുപ്പിന് വകയിരുത്തിയ തുക

241 (1285) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തികവർഷത്തെ ബജറ്റിൽ രജിസ്ട്രേഷൻ വകുപ്പിന് എന്ത് തുകയാണ് വകയിരുത്തിയിരുന്നത്; ഇത് ഏതെല്ലാം പദ്ധതികൾക്കായിരുന്നുവെന്ന് വിശദമാക്കാമോ ;

(ബി) വകയിരുത്തിയതിൽ എത്ര തുകയാണ് ഇതിനകം ചെലവഴിക്കാനായത് എന്ന് വ്യക്തമാക്കാമോ ;

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഏതെങ്കിലും പദ്ധതികൾ ഇതുവരെ നടപ്പാക്കാൻ കഴിയാതെ വന്നിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നോൺ പ്ലാൻ ഇനത്തിൽ 1,20,30,78,000 രൂപയും പ്ലാൻ ഇനത്തിൽ 9,10,00,000 രൂപയും വകയിരുത്തിയിട്ടുണ്ട്. നോൺ പ്ലാൻ ഫണ്ട് രജിസ്ട്രേഷൻ വകുപ്പിന്റെ ദൈനംദിന ചെലവുകൾക്കും പ്ലാൻ ഫണ്ടിൽ 8 കോടി രൂപ വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണ പദ്ധതികൾക്കും 110 ലക്ഷം രൂപ വകുപ്പിന്റെ ആധുനികവൽക്കരണ പദ്ധതികൾക്കുമായാണ് വകയിരുത്തിയിരുന്നത്.

(ബി) നോൺ പ്ലാൻ ഇനത്തിൽ 2015 ഫെബ്രുവരി മാസം വരെ 1,04,62,76,000 രൂപയും പ്ലാൻ ഇനത്തിൽ 2,53,35,545 രൂപയും ചെലവഴിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരം കേസുകളും കേന്ദ്രമാക്കി ആധുനിക രീതിയിലുള്ള ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കാൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. എടവണ്ണ ആസ്ഥാനമാക്കി പുതിയ സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട് നടപടികൾ നടന്നുവരുന്നു. മറ്റ് പ്രഖ്യാപനങ്ങൾ എല്ലാം നടപ്പിലാക്കിയിട്ടുണ്ട്.

മിഷൻ 676

242 (1286) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിൽ മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുള്ളവ ഏതൊക്കെ ; ചെലവഴിച്ച തുക എത്ര ; 2014-15 ബഡ്ജറ്റിൽ വകയിരുത്തിയതല്ലാത്ത തുക ഇതിനായി ഉപയോഗിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(സി) മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) രജിസ്ട്രേഷൻ വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ താഴെ വിവരിക്കുന്നു :

1. എറണാകുളം ജില്ലയിലെ ഇത്താട്ടുകളും കേന്ദ്രമായി രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിൽ ജീവനക്കാരെ പരിശീലിപ്പിക്കുന്നതിനായി അത്യാധുനിക സംവിധാനങ്ങളോടുകൂടിയ പരിശീലന കേന്ദ്രം ആരംഭിക്കൽ, അതോടൊപ്പം 100 വർഷത്തിലധികം പഴക്കമുള്ള വാല്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ശാസ്ത്രീയമായ രീതിയിൽ പരിരക്ഷിക്കുന്നതിനുള്ള കേന്ദ്രം സ്ഥാപിക്കൽ.

2. ഒരു വർഷത്തിൽ താഴെ കാലയളവിലേക്കുള്ള ബാധ്യതാ സർട്ടിഫിക്കറ്റുകൾ അപേക്ഷാ തീയതിയിൽ തന്നെ നൽകുന്നതിനുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്തൽ.

3. ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട രണ്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഫ്രണ്ട് ഓഫീസ് സൗകര്യം ഏർപ്പെടുത്തൽ.

LIBRARY ARCHIVES Kerala Legislative Assembly